**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1234** **18-09-2025 - ൽ മറുപടിയ്ക്ക്**

**വെള്ളൂർ പെരുന്തട്ട് സ്റ്റേഡിയം നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | വൈക്കം മണ്ഡലത്തിലെ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | നിലവിൽ നിർമാണത്തിന് തടസ്സങ്ങൾ ഇല്ല.<br><br>2019 - 20 ലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കോട്ടയം ജില്ലയിലെ വൈക്കം മണ്ഡലത്തിലെ വെള്ളൂർ ഇരുമ്പയം പെരുന്തട്ട് സ്റ്റേഡിയം, നിർമ്മാണ പ്രവൃത്തിക്കായി 14.06.2022 തീയതിയിൽ 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽക്കുകയും, 14.10.2022 തീയതിയിൽ 283.53 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നല്കി ടെൻഡർ നടപടികൾ സ്വീകരിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s വയലിൽ കൺസ്ട്രക്ഷന് 223.42 ലക്ഷം രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു.<br><br>പ്രസ്തുത പ്രവൃത്തിയിൽ ( 21 X 16) ഇൻഡോർ സ്റ്റേഡിയം, (60 X 40) ഫുട്ബോൾ കോർട്ട്, ടൊയ്‌ലറ്റ് ചെയ്ഞ്ചിംഗ് റൂം, ഫെൻസിങ്, ഇൻഡോർ സ്റ്റേഡിയത്തിനും ഫുട്ബോൾ കോർട്ടിനും ഫ്ളെഡ്‌ലൈറ്റ്, ഓപ്പൺ ജിം, സോളാർ, ഇലക്ട്രിഫിക്കേഷൻ, ഇന്റർലോക്ക്, സ്ട്രീറ്റ് ലൈറ്റ്, എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഇൻഡോർ ഫ്ളോറിംഗ് പ്രവൃത്തികൾ, ഡ്രെയിനേജ് പ്രവൃത്തികൾ, എന്നിവ പൂർത്തീകരിച്ചു. ടോയ്‌ലറ്റ് ചെയ്ഞ്ചിംഗ് റൂം പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുന്നു. ഇലക്ട്രിഫിക്കേഷൻ, ഇന്റർലോക്ക്, പ്രവൃത്തികൾ പൂർത്തികരിക്കാനുണ്ട്. ഈ പ്രവൃത്തിയുടെ 91% നിലവിൽ പൂർത്തീകരിച്ചു കഴിഞ്ഞു. എം എൽ എ നിർദേശിച്ച പ്രകാരം മാപ്പിൾ വുഡ് ഒഴിവാക്കി അക്രിലിക്ക് ഫ്ളോറിംഗ് ചെയ്യുകയും, ഓപ്പൺ ജിം, സോളാർ എന്നിവയുടെ എസ്റ്റിമേറ്റ് പരിശോധിച്ച് ദർഘാസ് ക്ഷണിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) | അടുത്ത മാസം സ്റ്റേഡിയം ജനങ്ങൾക്ക് തുറന്നുകൊടുക്കാൻ സാധിക്കുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ